No. CEE/4600/2019/KEAM-2020/TA4

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം – 695 001

# വിജ്ഞാപനം

## എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം– 2020 ഓൺലൈൻ മോപ് അപ് അലോട്ട്മെന്റ് – വിദ്യാർത്ഥികൾക്ക് പുതുതായി ഓപ്ഷനുകൾ സമർപ്പിക്കുന്നതിന് അവസരം

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോളേജുകളിലെ 2020–21 അധ്യയന വർഷത്തെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ ഫാർമസി കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായുള്ള മോപ് അപ് അലോട്ട്മെന്റിലേയ്ക്കായി വിദ്യാർത്ഥികൾക്ക് **2020 നവംബർ 16 മുതൽ നവംബർ 17 വൈകിട്ട് 3.00 മണി വരെ** പുതുതായി ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്. ഒഴിവുകൾ നികത്തുന്നതിനായി നടത്തപ്പെടുന്ന ഈ ഓൺലൈൻ മോപ് അപ് അലോട്ട്മെന്റിൽ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും പ്രോസ്പെക്ടസ് ക്ലോസ് 6 പ്രകാരമുള്ള യോഗ്യത നേടിയിട്ടുള്ളതുമായ വിദ്യാർത്ഥികൾക്ക് പങ്കെടുക്കാവുന്നതാണ്. എന്നാൽ മുൻ അലോട്ട്മെന്റ് പ്രകാരം സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോളേജുകളിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് ഓൺലൈൻ മോപ് –അപ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല. മുൻ അലോട്ട്മെന്റ് പ്രകാരം സർക്കാർ/എയ്ഡഡ്/സർക്കാർ നിയന്ത്രിത കോളേജുകളിൽ പ്രവേശനം നേടിയിട്ടുള്ളവർക്കും, അലോട്ട്മെന്റ് ലഭിച്ച് പ്രവേശനം നേടാൻ കഴിയാത്തതോ, പ്രവേശനം നേടിയതിനുശേഷം വിടുതൽ വാങ്ങിയവരോ ആയ വിദ്യാർത്ഥികൾക്കും ഇതുവരെ അലോട്ട്മെന്റൊന്നും ലഭിക്കാത്ത വിദ്യാർത്ഥികൾക്കും ഒഴിവുള്ള സീറ്റുകളിൽ പരിഗണിക്കപ്പെടാൻ പുതുതായി ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്. സർക്കാർ/എയ്ഡഡ് കോളേജുകളിൽ നിലവിൽ പ്രവേശനം ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ മോപ്–അപ് അലോട്ട്മെന്റ് വഴി അലോട്ട്മെന്റ് മാറ്റം ലഭിക്കുന്നപക്ഷം നിലവിലെ അലോട്ട്മെന്റ് റദ്ദാകുന്നതാണ്. നിലവിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ മോപ്–അപ് അലോട്ട്മെന്റ് വഴി ഒഴിവുള്ള സീറ്റുകളിലേയ്ക്ക് അലോട്ട്മെന്റ് മാറ്റം ലഭിക്കുന്നപക്ഷം പുതുതായി ഒഴിവുവരുന്ന സീറ്റുകളും ഈ അലോട്ട്മെന്റിൽ തന്നെ നികത്തപ്പെടുന്നതിനാൽ വിദ്യാർത്ഥികൾ പ്രവേശനം നേടാൻ താത്പര്യമുള്ള എല്ലാ കോഴ്സ്/കോളേജിലേയ്ക്കും ഓപ്ഷനുകൾ സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിദ്യാർത്ഥികളുടെ നിലവിലെ ഓപ്ഷനുകൾ ഓൺലൈൻ മോപ് അപ് അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല. നിശ്ചിത സമയത്തിനകം ഓൺലൈൻ ഓപ്ഷനുകൾ സമർപ്പിക്കാത്ത വിദ്യാർത്ഥികളെ ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനുള്ള അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല.

| | |
|---|---|
| **16.11.2020** | ഓൺലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിന് വെബ്സൈറ്റ് സജ്ജമാകുന്നു. |
| **17.11.2020**<br>**(വൈകിട്ട് 3.00 മണി)** | ഓൺലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| **18.11.2020** | മോപ് അപ് അലോട്ട്മെന്റ് |
| **20.11.2020, 4.00** മണി വരെ | കോളേജിൽ പ്രവേശനം നേടുവാനുള്ള അവസാന തീയതി |

**മോപ് അപ് അലോട്ട്മെന്റിലേയ്ക്ക് ഓൺലൈൻ ഓപ്ഷൻ നിർബന്ധമാണ്.** മോപ് അപ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ താത്പര്യമുള്ള വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'KEAM 2020 - Candidate Portal'**എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് തങ്ങളുടെ ആപ്ലിക്കേഷൻ നമ്പർ, പാസ്സ്‌വേഡ് എന്നിവ രേഖപ്പെടുത്തി ഹോം പേജിൽ പ്രവേശിച്ച ശേഷം ഹോം പേജിൽ ലഭ്യമായ **'Option Registration'** എന്ന മെനുവിൽ ക്ലിക്ക് ചെയ്ത് **16.11.2020** മുതൽ **17.11.2020 വൈകിട്ട് 3.00 മണി** വരെ ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്

മോപ് അപ് ഘട്ടത്തിലൂടെ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതായ ഫീസ് ഓൺലൈനായോ കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട ഹെഡ് പോസ്റ്റോഫീസ് മുഖേനയോ ഒടുക്കിയ ശേഷം പ്രോസ്പെക്ടസ് ക്ലോസ് 11.7.1 പ്രകാരമുള്ള അസ്സൽ രേഖകളുമായി **20.11.2020** വൈകുന്നേരം **4.00** ന് മുമ്പായി ബന്ധപ്പെട്ട കോളേജിൽ ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. അഡ്മിഷൻ സമയത്ത്, ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരം ബാക്കി ട്യൂഷൻഫീസ്, ഡെപ്പോസിറ്റ് (ബാധകമെങ്കിൽ), മറ്റ് ഫീസുകൾ ഒടുക്കേണ്ടതുണ്ടെങ്കിൽ അവ കോളേജിൽ ഒടുക്കേണ്ടതാണ്.

അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി. എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും G.O.(MS)No.25/2005/SCSTDD തീയതി 20.06.2005, എന്ന സർക്കാർ ഉത്തരവ് അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും/മത്സ്യത്തൊഴിലാളികളുടെ മക്കൾ/ശ്രീചിത്രാഹോം/നിർഭയഹോം/ജുവനൈൽഹോം അന്തേവാസികൾ എന്നിവർ ട്യൂഷൻ ഫീസ് അടയ്ക്കേണ്ടതില്ല.

പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ അതത് കോളേജ് പ്രിൻസിപ്പൽമാർ അംഗീകരിച്ച് **20.11.2020 വൈകുന്നേരം 5** മണിയ്ക്കു മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന സമർപ്പിക്കേണ്ടതാണ്.

***കുറിപ്പ്:*** *സർക്കാർ/എയ്ഡഡ്/ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോളേജുകളിൽ **20.11.2020 വൈകുന്നേരം 4.00 മണിക്ക്** ശേഷം ഒഴിവുകൾ നിലനിൽക്കുന്നുവെങ്കിൽ അത് ഈ ഘട്ടത്തിൽ വിദ്യാർത്ഥികൾ നൽകിയ അതേ ഓൺലൈൻ ഓപ്ഷനുകൾ പരിഗണിച്ച് നടത്തുന്ന ഓൺലൈൻ മോപ് അപ് അലോട്ട്മെന്റ് വഴിയോ അല്ലെങ്കിൽ സ്പോട്ട് അഡ്മിഷൻ വഴിയോ നികത്തുന്നതായിരിക്കും. ഇതു സംബന്ധിച്ച വിശദമായ വിജ്ഞാപനം പിന്നീട് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.*

പ്രവേശനവുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും സർക്കാർ ഉത്തരവുകളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഹെൽപ്പ് ലൈൻ നമ്പർ: **0471–2525300**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
16.11.2020